**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3483** **12-03-2025 - ൽ മറുപടിയ്ക്ക്**

**റാംസർ സൈറ്റ് സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കൃഷിഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാം;വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് വിവിധ കാരണങ്ങളാൽ കൃഷിയോഗ്യമായ ഭൂമി തരിശായി കിടക്കുന്നുണ്ട്. ഇത്തരത്തിലുള്ള കൃഷിയോഗ്യമായ തരിശുഭൂമിയിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രത്യേക ഘടകം സംസ്ഥാനാവിഷ്കൃത പദ്ധതിയായ നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നുണ്ട്.<br><br>സാധ്യമായ എല്ലാ ഇടങ്ങളിലും പച്ചക്കറി, പഴവർഗ്ഗങ്ങൾ, ഔഷധ സസ്യങ്ങൾ തുടങ്ങിയ വിളകളുടെ വിസ്തൃതി വ്യാപനം ലക്ഷ്യമാക്കി ഈ വിളകൾക്കെല്ലാം പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. തെങ്ങിന്റെ വിസ്തൃതി വ്യാപനം ലക്ഷ്യമിട്ട് നാളികേര കൗൺസിലിന്റെ ഭാഗമായി സബ്സിഡി നിരക്കിലുള്ള തെങ്ങിൻതൈ വിതരണം 2018 തൊട്ട് എല്ലാ വർഷവും എല്ലാ വാർഡിലും നടത്തിവരുന്നു.<br><br>നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിച്ച് നെൽകൃഷി നിലനിർത്താനായി നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രകാരമുള്ള സംരക്ഷണം കൃഷി വകുപ്പ് നടപ്പിലാക്കുന്നുണ്ട്.<br><br>റീബിൽഡ് കേരള ഇനീഷിയേറ്റീവ് പദ്ധതികളിലൂടെയും ആർ ഐ ഡി എഫ് പദ്ധതികളിലൂടെയുമുള്ള അടിസ്ഥാന സൗകര്യവികസനത്തിലൂടെ സാധ്യമാകുന്ന ഇടങ്ങളിലെല്ലാം അധിക കൃഷി നടപ്പിലാക്കി വരുന്നു.<br><br>വനാതിർത്തികളിൽ വിവിധതരം സൗരോർജ്ജ വേലികൾ സ്ഥാപിച്ചും, മറ്റു സംരക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തിയും കൃഷിഭൂമി സംരക്ഷിച്ച് കൃഷി ചെയ്യാൻ കർഷകരെ സഹായിക്കുന്നുണ്ട്.<br><br>കേന്ദ്രാവിഷ്കൃത പദ്ധതികളായ രാഷ്ട്രീയ കൃഷി വികാസ് യോജനയിലൂടെ ജലസേചനത്തിനുള്ള അടിസ്ഥാന സൗകര്യം വികസനം മൂലം സാധ്യമാകുന്ന പാടശേഖരങ്ങളിലെ നെൽകൃഷി, എണ്ണപ്പന |

<table>
<tr><td></td><td></td><td></td><td>കൃഷിവ്യാപനം, പയർ വർഗ്ഗ വികസനം, പ്ലാന്റേഷൻ ഭൂമിയിലെ വൈവിധ്യവൽക്കരണം എന്നിവ നടപ്പിലാക്കുവാനുള്ള സഹായം, എംഐഎഡിഎച്ച് പദ്ധതി പ്രകാരമുള്ള വിവിധ തോട്ടവിളകളുടെ വിസ്തൃതി വ്യാപനത്തിനുള്ള സഹായം എന്നിവയും ലഭ്യമാക്കുന്നു.<br><br>കൂടാതെ നവോ ധൻ പദ്ധതി വഴിയുള്ള സേവന ഉടമ്പടിയും ഈ നിയമ സഭയിൽ അവതരിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്ന ക്രോപ്പ് കൾട്ടിവേറ്റർ കാർഡ് ബില്ലും തരിശായ ഭൂമി ഏറ്റെടുത്ത് കൃഷി ചെയ്യാൻ താല്പര്യമുള്ള വ്യക്തികൾക്കും സംഘടനകൾക്കും അവസരം നൽകാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്.<br><br>ഇത്തരത്തിൽ വിവിധ പദ്ധതികളിലൂടെയും സാധ്യമാകുന്ന ഇടങ്ങളിലെല്ലാം കൃഷി വിസ്തൃതി വ്യാപനം കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്നു.</td></tr>
<tr><td>(ബി)</td><td>സംസ്ഥാനത്തെ ആകെ നെൽപ്പാടങ്ങളുടെ വിസ്തൃതി എത്ര; കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ ഇതിൽ കുറവുണ്ടായിട്ടുണ്ടോ; നെൽപ്പാടങ്ങൾ നികത്തുന്നതിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കുമോ;</td><td>(ബി)</td><td>023-24 വർഷത്തിൽ സംസ്ഥാനത്തെ ആകെ നെൽപ്പാടങ്ങളുടെ വിസ്തൃതി 180278.48 ഹെക്ടർ ആണ്. കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ നെൽപ്പാടങ്ങളുടെ വിസ്തൃതിയിൽ 9.03% കുറവുണ്ടായിട്ടുണ്ട്.<br><br>സംസ്ഥാനത്ത് 2019-20, 2023-24 എന്നീ വർഷങ്ങളിലെ നെൽകൃഷി വിസ്തൃതിയുടെ വിവരം ചുവടെ ചേർക്കുന്നു.<br><br><table><tr><td>2019-20</td><td>2023-24</td><td>വ്യതിയാനം</td></tr><tr><td>198180 Ha</td><td>180278.48 Ha</td><td>-9.03%</td></tr></table><br>കേരള നെൽവയൽ തണ്ണീർത്തട നിയമം 2008 നിലവിൽ വന്നതിനു ശേഷം കേരളത്തിലെ നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും സംരക്ഷണത്തിനും അവ പരിവർത്തനപ്പെടുത്തുന്നതും രൂപാന്തരപ്പെടുത്തുന്നതും നിയന്ത്രിക്കുന്നതിനുമുള്ള കർശന നടപടികൾ സ്വീകരിച്ചു വരുന്നു. അനധികൃത നികത്തലുകൾക്കെതിരെ കർശനമായ നടപടികൾ ആണ് സ്വീകരിച്ചുവരുന്നത്.</td></tr>
<tr><td>(സി)</td><td>സംസ്ഥാനത്ത് എത്ര റാംസർ സൈറ്റുകളുണ്ട്; കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ റാംസർ സൈറ്റുകൾ നികത്തിയിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം; റാംസർ സൈറ്റ് സംരക്ഷണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?</td><td>(സി)</td><td>കേരളത്തിൽ മൂന്ന് റാംസർ സൈറ്റുകളാണുള്ളത് .<br><br>1. വേമ്പനാട്-കോൾ തണ്ണീർത്തടം<br><br>2. അഷ്ടമുടി തണ്ണീർത്തടം<br><br>3. ശാസ്താംകോട്ട തണ്ണീർത്തടം<br><br>കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ റാംസർ സൈറ്റുകൾ നികത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.</td></tr>
</table>

| | | | |
|---|---|---|---|
| | | | **കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 പ്രകാരവും തണ്ണീർത്തടങ്ങൾ (സംരക്ഷണവും പരിപാലനവും) 2017 ചട്ടങ്ങൾ പ്രകാരവും റാംസർ തണ്ണീർ തടങ്ങൾ സംരക്ഷിച്ച് വരുന്നു.** |

സെക്ഷൻ ഓഫീസർ